ക്രമനമ്പർ	റോഡ്	പഞ്ചായത്ത്	ബ്ലോക്ക്	നീളം
1	പി.എം.ജി. എസ്.വൈ.2 മുണ്ടോട്ട്-തൊട്ടിനാട് അരയങ്ങാനം	മടിക്കൈ	കാഞ്ഞങ്ങാട്	5.035 കി.മീ.

തൊഴിലുറപ്പ് വേതന നിരക്ക്

29 (1403) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയെന്നും അത് പര്യാപ്തമാണോയെന്നും പറയാമോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന യഥാർത്ഥ വില സൂചികയുടേയും ജീവിത നിലവാരത്തിന്റേയും അടിസ്ഥാനത്തിൽ കൂലി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് കേന്ദ്ര സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം, സംസ്ഥാനങ്ങളിലെ വിലസൂചികയുടെ അടിസ്ഥാനത്തിൽ പദ്ധതി തൊഴിലാളികളുടെ അവിദഗ്ധ തൊഴിൽ കൂലി നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന കൂലി 229 രൂപയാണ്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

30 (1404) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര കർഷകർക്ക് ആശ്വാസമായി തൊഴിലുറപ്പ് പദ്ധതിയിൽ ആട്ടിൻ കൂട്, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭ്യമായിട്ടില്ല.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി

31 (1405) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി

32 (1406) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിലെടുത്ത തൊഴിലാളികൾക്കായി ഉണഭോക്തൃ വിഹിതങ്ങൾ കൂട്ടിച്ചേർത്ത് പെൻഷൻ പദ്ധതി രൂപീകരിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly